ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മലബാർ ഞങ്ങളുടേയുംകൂടി വക യാണ്. മലബാറിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന് സഭയുടേയും അങ്ങയുടേയും സഹായസഹകരണം വേണമെന്നേ ഗവൺമെന്റ് പറഞ്ഞുള്ളു.

.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം വളരെ സമുദ്ദേശ്യത്തോടുകൂടി പറഞ്ഞ താണ്, ആരെയും മുറിപ്പെടുത്തുവാൻ പറഞ്ഞതല്ല.

(6) ചുഴലിക്കാറ്റുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എം. കെ. കേശവൻ : സർ, 14-11-1986 രാത്രിയിൽ ഉണ്ടായ ചുഴലി ക്കാറ്റിന്റെ ഫലമായി വൈക്കം താലൂക്കിലെ മറവൻതുരുത്ത് പഞ്ചായത്തിൽ രണ്ടാം വാർഡിൽ കിഴക്കേതിൽ കേശവനെന്ന ആളിന്റെ ഇരുപത്തഞ്ചായിരത്തി ലേറെ രൂപ വിലവരുന്ന വീടിന്റെ പുറത്ത് ഒരു വലിയ വൃക്ഷം മറിഞ്ഞു വീണ് വീട് പൂർണ്ണമായും നശിച്ചുപോയി. അതുപോലെ തലയോലപ്പറമ്പ് പഞ്ചായത്തിലെ അഞ്ചാംവാർഡിൽ ചെറുനിലത്ത് അലിയാർ, നാലുവള്ളത്തിൽ തങ്കപ്പൻ എന്നിവരുടെ വീടുകളും പൂർണ്ണമായും നശിക്കുകയും ആ പ്രദേ ശത്തുള്ള തെങ്ങ്, വാഴ, കമുക്, റബ്ബർ തുടങ്ങിയ കൃഷികൾക്ക് നാശ നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രദേശത്ത് താമസിക്കുന്ന ആളുകളിൽ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളും പാവപ്പെട്ട കൂലി വേലക്കാരുമാണ്. ഇങ്ങനെ നഷ്ടപ്പെട്ട വീടുകൾ വീണ്ടും കെട്ടിമേയാനുള്ള സാഹര്യം അവർക്കില്ലാത്തതുകൊണ്ട് അടിയന്തിരമായി അതിനെക്കുറിച്ച് അന്വേഷിച്ച് വീട് നഷ്ടപ്പെട്ടവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകുവാനും വീടിന്റെ പുനർനിർമ്മാണം നടത്തുവാനും സഹായം എത്തിച്ചുകൊടുക്കണമെന്ന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ പതിനാലാം തീയതി രാത്രിയിൽ മറവൻതുരുത്ത് പഞ്ചായത്തിലെ രണ്ടാം വാർഡിൽ കിഴക്കേതിൽ കേശവനെന്ന ആളിന്റെ വീടിന്റെ പുറത്ത് ഒരു മരംവീണ്, ആ വീട് പൂർണ്ണമായും നശിച്ചുപോയി. അതുപോലെ അഞ്ചാംവാർഡിൽ കുഞ്ഞൻ തങ്കപ്പൻ എന്ന ആളിന്റെ ഓല മേഞ്ഞ പുര നശിച്ചുപോയിട്ടുണ്ട്. അലിയാർ എന്ന ആളിന്റെ വീടും ഇതു പോലെ നശിച്ചിട്ടുണ്ട്. വ്യാപകമായ ചുഴലിക്കാറ്റുണ്ടായതായി റിപ്പോർട്ടില്ല. കൃഷിക്കാർക്ക് ചില നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവർക്കെല്ലാം സഹായം കൊടുക്കുവാൻ വേണ്ട നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

(7) അനധികൃതമായ കുടിയൊഴിപ്പിക്കൽ

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ല ക്കാലമായി കൈവശം വച്ച് താമസിച്ചുവരുന്ന ഒരു ഹരിജൻ കുടുംബത്തെ പോലീസിന്റെ സഹായത്തോടുകൂടി റോണക്ഷായിൽ സ്വാധീനമുള്ള ചില ആളുകൾ ഒഴിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇന്നാട്ടിലെ പാവപ്പെട്ട ഹരിജനങ്ങളെ സംരക്ഷിക്കുവാൻ എന്തെങ്കിലും അടിയന്തിര നടപടികൾ എടുക്കണമെന്ന വിഷയം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. പട്ടാമ്പി നിയോജകമണ്ഡല ത്തിലെ നെല്ലായ പഞ്ചായത്തിൽ എഴുവന്തല ഭാഗം പട്ടിശ്ശേരി ദേശത്ത് പടിയത്തുപ്പടി കോരന്റെ കുടുംബം കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ലങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

അൻപതു സെൻറ് സ്ഥലം കൈവശംവച്ച് താമസിച്ചുവരികയാണ്. പത്തിരുപത്തയ്യായിരം രൂപയോളം വിലവരുന്ന മരങ്ങളായിരുന്നു. 1973-ൽ 1262-ാം നമ്പറായി പട്ടാനി ലാൻറ് ട്രൈബ്യൂണലിൽ നിന്ന് അദ്ദേഹത്തിനു സുപോമോട്ടാവായി പട്ടയം ലഭിച്ച ഭൂമിയാണിത്. ഈ സ്ഥലത്ത് 28-10-1986-ൽ പോലീസ് സഹായത്തോടുകൂടി കുറെ ആളുകൾ കടന്നുകയറി മുഴുവൻ മരങ്ങളും മുറിച്ചുകൊണ്ടുപോയി. നാട്ടുകാരും കോരനും കോരൻറെ കുടുംബവും അതിനെ ശക്തിയായി എതിർത്തപ്പോൾ അവരെ മുഴുവൻ അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ കൊണ്ടുപോയിട്ട് വൈകുന്നേരം വിട്ടയച്ചു. മുറിച്ച മരങ്ങൾ മുഴുവനും അവർ കടത്തിക്കൊണ്ടു പോയി. പട്ടയം ലഭിച്ച അൻപതു സെൻറ് ഭൂമിയാണത്. ആ പാവപ്പെട്ട ഹരിജൻ കുടുംബം കുടിയിരുപ്പായി തലമുറകളായി താമസിച്ചുവരുന്ന ഭൂമിയാണ്. 'ആ ഭൂമി എനേറതാണെന്ന്' അവകാശപ്പെട്ടുകൊണ്ട് ഭരണപക്ഷത്തിൽ സ്വാധീനമുള്ള ഒരാൾ പോലീസ് സഹായത്തോടുകൂടി ഒഴിപ്പിക്കാനുള്ള നടപടി നടത്തുകയാണ്. ഇപ്പോൾ മരം മുറിച്ചുകഴിഞ്ഞിട്ട് കോരനെ അവിടെനിന്ന് ഒഴിപ്പിക്കാനുള്ള നടപടികളാണ് നടക്കുന്നത്. ഇത് ഹരിജനങ്ങളോട്, പാവപ്പെട്ടവരോട് ഗവൺമെൻറ് എടുക്കുന്ന നയമാണോ എങ്കിൽ അത് വിശദീകരിക്കണം. കോരനെപ്പോലുള്ള ഹരിജനങ്ങൾക്ക് പട്ടയം കിട്ടിയ ഭൂമിയിൽ ജീവിക്കുവാൻ ആവശ്യമായ സംരക്ഷണം കൊടുക്കുകയും ഇത്തരം നടപടികളെടുത്ത ആളുകൾക്കും പോലീസിനുമെതിരായി അടിയന്തിര നടപടികളെടുക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ പ്രശ്നത്തിൻറെ വിശദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. എന്തായാലും കോരനെ അവിടന്ന് ഒഴിപ്പിക്കാതിരിക്കുവാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്. അതിന് ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ആവശ്യമായ നടപടികളെടുക്കുന്നതാണ്.

(8) യുവജന സംഘടനകൾക്ക് മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കണമെന്ന ആവശ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആ ഗസ്റ്റ് മാസം ഡി. വൈ. എഫ്. ഐ.യുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന ഐതിഹാസികമായ സമരത്തെത്തുടർന്ന് 5-9-1986-ന് മുഖ്യമന്ത്രി വിവിധ യുവജന സംഘടനകളെ വിളിച്ചുകൂട്ടി നൽകിയ ഉറപ്പ് പാലിച്ചിട്ടില്ല. എസ്. എസ്. എൽ. സി. തോറ്റ യുവതീയുവാക്കൾക്ക് കൂടി പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ തൊഴിലില്ലായ്മ വേതന പദ്ധതി ആവിഷ്ക്കരിക്കാമെന്ന് ഉറപ്പ് നൽകിയെന്ന് 20-10-1986-ലെ 10-ാം നമ്പർ സ്റ്റാർഡ് കവസ്റ്റ്യനു് ഉത്തരമായി വ്യക്തമാക്കിയതാണ്. ഇതുവരെ ആ പദ്ധതി ആസൂത്രണം ചെയ്യാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് നിലവിലിരിക്കുമ്പോൾ താൽക്കാലിക നിയമനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കെ. എസ്. ആർ. ടി. സി. യിൽ 5009 റിസർവ്വ് കണ്ടക്ടർമാരുടെ ലിസ്റ്റ് പബ്ലിക് സർവ്വീസ് കമ്മീഷനിൽ തയ്യാറാക്കിയിട്ടുണ്ട്. എങ്കിലും ഇപ്പോഴും 1052 താൽക്കാലിക ജീവനക്കാർ അവിടെ തുടരുകയാണ്. അതുകൊണ്ട് യുവജന സംഘടനകൾക്കു നൽകിയ ഉറപ്പ് അടിയന്തിരമായി പാലിക്കണം. അതിന് തയ്യാറാകുന്നില്ലെങ്കിൽ അതിശക്തിമത്തായ സമരങ്ങളെ വീണ്ടും നേരിടേണ്ടിവരും. ഡി. വൈ. എഫ്. ഐ. നടത്തുന്ന യൂത്ത് മാർച്ചിനു നേരെ

LIBRARY ARCHIVES Kerala Legislative Assembly